"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - 5054 - 80 - 800 - 66 എന്ന ശീർഷകത്തിൽ റീബിൽഡ് കേരള ഇൻഷ്യേറ്റീവിന്റെ ഭാഗമായി വകയിരുത്തിയിരിക്കുന്ന തുക ഉപയോഗിച്ച് തദ്ദേശ സ്വയംഭരണ വകുപ്പിനു കീഴിൽ നടപ്പിലാക്കുന്ന പ്രവൃത്തി കളുടെ നിർവ്വഹണ ഉദ്യോഗസ്ഥരെ നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഇ. ഡബ്ള്യൂ. ബി.) വകുപ്പ്

G.O.(Rt) No.2319/2020/LSGD | തീയതി,തിരുവനന്തപുരം, 16/12/2020

പരാമർശം:- 1 04/11/2020 ലെ സ. ഉ. (കൈ) നമ്പർ: 170/2020/തസ്വഭവ.

2 തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എൻജിനീയറുടെ 05/11/2020-ലെ ഡിബി4/12568/ആർ.കെ.എ(492)/20/സിഇ/തസ്വഭവ നമ്പർ കത്ത്.

ഉത്തരവ്

5054-80-800-66 എന്ന ശീർഷകത്തിൽ റീബിൽഡ് കേരള ഇൻഷ്യേറ്റീവിന്റെ ഭാഗമായി വകയിരുത്തിയിരിക്കുന്ന 208.04 കോടി രൂപാ വിനിയോഗിച്ച് തദ്ദേശ സ്വയംഭരണ വകുപ്പിനു കീഴിൽ 492 പ്രവൃത്തികൾക്ക് പരാമർശം (1) പ്രകാരം ഭരണാനുമതി നൽകിയിരുന്നു. എന്നാൽ ടി ഉത്തരവിൽ മേൽ പ്രവൃത്തികളുടെ നിർവ്വഹണ ഉദ്യോഗസ്ഥർ ആരായിരിക്കണമെന്നത് സംബന്ധിച്ച് വ്യക്തമാക്കി യിരുന്നില്ലെന്നും, ഗ്രാമപഞ്ചായത്തുകളിലെ പ്രവൃത്തികളുടെ നിർവ്വഹണ ചുമതല ബന്ധപ്പെട്ട ബ്ലോക്ക് പഞ്ചായത്തുകളിലെ അസിസ്റ്റന്റ് എൻജിനീയർമാർക്കും, നഗരസഭാ പ്രദേശങ്ങളിൽ നിർവ്വഹണ ചുമതല അതത് എൻജിനീയറിംഗ് വിഭാഗത്തിനും നല്കുന്നതാവും ഉചിതമെന്ന് പരാമർശം (2) ലെ കത്തിലൂടെ തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എൻജിനീയർ അറിയിച്ചിരുന്നു.

സർക്കാർ ഇക്കാര്യങ്ങൾ വിശദമായി പരിശോധിച്ചു. 5054-80-800-66 എന്ന ശീർഷകത്തിൽ റീബിൽഡ് കേരള ഇൻഷ്യേറ്റീവിന്റെ ഭാഗമായി വകയിരുത്തി യിരിക്കുന്ന 208.04 കോടി രൂപാ വിനിയോഗിച്ച് തദ്ദേശ സ്വയംഭരണ വകുപ്പിനു കീഴിൽ നടപ്പിലാക്കുന്ന 492 പ്രവൃത്തികളുടെ നിർവ്വഹണ ചുമതല ഗ്രാമപഞ്ചായത്തു കളിൽ ബന്ധപ്പെട്ട ബ്ലോക്ക് പഞ്ചായത്തുകളിലെ അസിസ്റ്റന്റ് എൻജിനീയർ മാർക്കും, കോർപ്പറേഷൻ/മുനിസിപ്പൽ പ്രദേശങ്ങളിൽ അതത് എൻജിനീയറിംഗ് വിഭാഗത്തിനും നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. പ്രവൃത്തികളുടെ ഫയലുകൾ, ബിൽ/വൗച്ചറുകൾ എന്നിവ നിർവ്വഹണ ഉദ്യോഗസ്ഥർ പ്രത്യേകം തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
U V JOSE IAS
ADDITIONAL SECRETARY

പകർപ്പ്

പഞ്ചായത്ത് ഡയറക്ടർ

നഗരകാര്യ ഡയക്ടർ

ഗ്രാമവികസന കമ്മീഷണർ

ചീഫ് എൻജിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്

ട്രഷറി ഡയറക്ടർ

ധനകാര്യ വകുപ്പ്

ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ് (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധികരിക്കുന്നതിനു വേണ്ടി)

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ ( തദ്ദേശ സ്വയംഭരണ വകുപ്പ് വെബ് സൈറ്റിൽ പ്രസിദ്ധികരിക്കുന്നതിനു വേണ്ടി)

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ